പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | 15.06.2012 ൽ |
| **ചോദ്യം നമ്പർ. 1226** | **മറുപടിയ്ക്ക്** |

## തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. **കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും**<br>**സാംസ്കാരികവും നോർക്കയും**<br>**വകുപ്പു മന്ത്രി)** |
| **എ.** മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഓരോ കുടുംബത്തിനും എത്ര ദിവസം തൊഴിൽ നൽകുവാൻ കഴിഞ്ഞു; | **എ.** 2011-12 വർഷം ഓരോ കുടുംബത്തിനും ശരാശരി 44.61 ദിവസം തൊഴിൽ നൽകി. കഴിഞ്ഞ വർഷം (2010-11) ശരാശരി നൽകിയത് 43 തൊഴിൽ ദിനങ്ങൾ ആയിരുന്നു. |
| **ബി.** ഈ സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ നാളിതുവരെ നൽകുവാൻ കഴിഞ്ഞു ; | **ബി.** 2012-13 ൽ ഇതേ വരെ 1737549 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. (08.06.2012 വരെ) |
| **സി.** നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തികളിൽ എന്തെങ്കിലും മാറ്റം കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ടോ ;<br>ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | **സി.** നിലവിലുള്ള പ്രവർത്തനങ്ങൾ കൂടാതെ പുതിയതായി കാർഷികമേഖല, മൃഗസംരക്ഷണ മേഖല, മത്സ്യബന്ധന മേഖല, തീരദേശ മേഖല, ഗ്രാമീണ ശുചിത്വമേഖല, ഗ്രാമീണ കുടിവെള്ള മേഖല എന്നിവയിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി. തൊഴിൽ ദിനങ്ങൾ 100 ദിവസം കൃത്യമായി നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. തൊഴിൽ ആവശ്യപ്പെടുന്നതനുസരിച്ചാണ് തൊഴിൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ